**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം .2504 — 09.12.2014 ൽ മറുപടിക്ക്

**ഇ-പേയ്മെന്റ് ഗേറ്റ് വേ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. സി.പി. മുഹമ്മദ്**<br>**ശ്രീ. ആർ സെൽവരാജ്**<br>**ശ്രീ. സണ്ണി ജോസഫ്** | **ശ്രീ.പി .കെ .കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ഇ-പേയ്മെന്റ് ഗേറ്റ് വേ നിലവിൽ വന്നിട്ടുണ്ടോ; | (എ) നിലവിൽവന്നിട്ടുണ്ട്. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) സർക്കാർ സേവനങ്ങൾ ഓൺ ലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന അവസരത്തിൽ അത്തരം സേവനങ്ങളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ബാങ്കിന്റെ സഹകരണത്തോടെ ഓൺ ലൈനായി അടയ്ക്കുവാൻ സഹായിക്കുന്ന സംവിധാനമാണ് ഇ-പേയ് മെന്റ്. ഈ സംവിധാനം വിവിധ സർക്കാർ സ്ഥാപനങ്ങളുടെ ഓൺലൈൻ സംവിധാനവുമായി യോജിപ്പിച്ച് പണമിടപാടുകൾ നടത്താൻ സാധിക്കുന്നതാണ്. ഇതു കൂടാതെ ട്രഷറിയിലേക്ക് നേരിട്ട് ഓൺലൈൻ ആയി പണമടക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. |
| (സി) സർക്കാർ സേവനങ്ങൾക്കാവശ്യമായി വരുന്ന പണമിടപാടുകൾ ഓൺലൈനായി നടത്താൻ എന്തെല്ലാം സൗകര്യങ്ങളാണ് ഇതിലുള്ളതെന്ന് വിശദമാക്കുമോ ; | (സി) ക്രെഡിറ്റ് കാർഡ്/ഡെബിറ്റ് കാർഡ്/ഇന്റർനെറ്റ് ബാങ്കിംഗ് മുതലായ നിരവധി സൗകര്യങ്ങൾ വഴി പണമിടപാട് നടത്താനുള്ള സൗകര്യം ലഭ്യമാണ്. |
| (ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഡി) ഓൺലൈൻ ആയി പണമിടപാട് നടത്തുന്നതിനുള്ള ഫീസ് വിവരവും വിവിധ ഇ-ഗവേണൻസ് പദ്ധതികളിലേക്ക് ഇവ നടപ്പിലാക്കുന്നതിനുള്ള അനുമതിയും സർക്കാർ നൽകിയിട്ടുണ്ട് . ഇതു പ്രകാരം കേരള സ്റ്റേറ്റ് ഐ. ടി മിഷൻ, ഇ-പേയ്മെന്റ് ഗേറ്റ് വേ നടപ്പിലാക്കുന്നതിനുള്ള മാസ്റ്റർ എഗ്രീമെൻറ് ഒപ്പിട്ടതിനെ തുടർന്ന് സർക്കാർ/ അർധ സർക്കാർ തലത്തിൽ വിവിധ സ്ഥാപനങ്ങൾ ഈ സംവിധാനം നടപ്പിൽ വരുത്തുകയുണ്ടായി. ബാങ്കുകളെ കൂടാതെ ട്രഷറിയെയും ഉൾപ്പെടുത്തി ഇ-പേയ്മെന്റ് നടപ്പാക്കുന്നതിനായുള്ള ഇ-ട്രഷറി സംവിധാനത്തിന് അനുമതി നല്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ